27/12/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
## E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1625(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 9678/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഡിസംബർ 24**

ശ്രീ. ജയിക്കബ് മാത്യു
വടക്കേൽ വീട്,
വടകോട് പി.ഒ.
ഈസ്റ്റ് എൻഡ് കൊച്ചി,
കങ്ങരപ്പടി, കൊച്ചി - 682021.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി.,
വടകോട് പി.ഒ., തേവക്കൽ.

2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കളമശ്ശേരി, എച്ച്.എം.ടി. കോളനി പി.ഒ.,
പിൻ - 683 503.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 17/06/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/07/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19/06/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 22/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 24/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/07/2022, 03/09/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26/07/2022, 26/09/2022 |

## ഉത്തരവ്

ശ്രീ. ജയിക്കബ് മാത്യു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് 48 മണിക്കൂറിനകം മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ അധികാരിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ഇന്നേ വരെ ആയതിന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നും ആയതിനാൽ സമയബന്ധിതമായി

മറുപടി നൽകാത്ത എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം അനുശാസിക്കുന്ന പിഴ ഈടാക്കണമെന്നും വകുപ്പുതല നടപടിക്ക് ശുപാർശ ചെയ്യണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 17.06.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. DB/Complaints/22-23 എന്ന നമ്പറിൽ 16.6.2022 തീയതിയിൽ 9.56-ന് പരാതിക്ക് കൈപ്പറ്റ് രസീത് നൽകിയിരുന്നോ എന്നും പരാതി നൽകിയിട്ടുള്ള ആളുടെ പേര്? DB/Complaints/22-23 എന്ന നമ്പർ പ്രകാരം നൽകിയിട്ടുള്ള കൈപ്പറ്റ് രസീതിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തി നൽകിയിട്ടുള്ള പേര്? നൽകിയിട്ടുള്ള കൈപ്പറ്റ് രസീത് ആംഗലേയ ഭാഷയിലുള്ളതാണോ എന്നും ആംഗലേയ ഭാഷയിൽ കൈപ്പറ്റ് രസീത് നൽകുവാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഉത്തരവ് ചെയ്തു നൽകിയിരിക്കുന്നതിന്റെ പകർപ്പ്? മന്ത്രിസഭാ തീരുമാന പ്രകാരം മാതൃഭാഷ മലയാള ഭാഷയായി നിശ്ചയിച്ചിട്ടുള്ള സംസ്ഥാനമായ കേരളത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റ് രസീത് നൽകുക വഴി സർവ്വീസ് ചട്ടത്തിന് എതിരായിട്ടാണോ പ്രവർത്തിച്ചിട്ടുള്ളതെന്നും ആംഗലേയ ഭാഷയിൽ കൈപ്പറ്റ് രസീത് നൽകിയിരിക്കുന്നത് പരാതിയായി ഏതു ഉദ്യോഗസ്ഥനെയാണ് സമീപിക്കേണ്ടതെന്നും ഉദ്യോഗസ്ഥന്റെ പേര്, പദവി, ഓഫീസ് വിലാസം, സി.യു.ജി. നമ്പർ തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുള്ള മറുപടി നൽകണമെന്നും

ii. 2014-ലെ സപ്ലൈ കോഡ് പ്രകാരവും റെഗുലേറ്ററി കമ്മീഷന്റെ 3.5.2016-ലെ ഉത്തരവ് പ്രകാരവും തേവക്കൽ സെക്ഷനിൽ നിന്നും പോസ്റ്റ് മാറ്റി ഇടുക, പുതിയ വൈദ്യുതി കണക്ഷൻ എടുക്കുക, വൈദ്യുതി സംബന്ധമായ ചിലവുകൾ ഉപഭോക്താവിന്റെ അടുത്തുനിന്നും തേവക്കൽ സെക്ഷൻ ഓഫീസ് ചിലവായി ഈടാക്കിയിട്ടുള്ളത് എത്ര പണമാണെന്നും നിയമം പ്രാബല്യത്തിൽ വന്നതു മുതൽ ഇന്നേ തീയതി വരെയുള്ള കണക്ക്, ഉപഭോക്താവിന്റെ പേര്, കൺസ്യൂമർ നമ്പർ, ഈടാക്കിയ പണം, വർഷം, തീയതി, ട്രാൻസ്ഫോർമർ നമ്പർ, ട്രാൻസ്ഫോർമറിന് പേര് കൊടുത്തിട്ടുണ്ടെങ്കിൽ ആയത് പോസ്റ്റ് നമ്പർ, എസ്റ്റിമേറ്റ്, സ്ഥലം, ഓരോ ഉപഭോക്താവും വൈദ്യുതി ബോർഡിലേക്ക് ചിലവുകൾക്ക് ആയി അടച്ചിട്ടുള്ള തുക തുടങ്ങിയവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി നൽകണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 13.07.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 19.6.2022 തീയതി ഇ-മെയിൽ മുഖേന സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, 17.6.2022 തീയതിയിലെ അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുള്ള ഒന്നു മുതൽ ഏഴു വരെയുള്ളതും ഉപ വിവരങ്ങൾ ആരാഞ്ഞിട്ടുള്ളതുമായ അപേക്ഷയ്ക്ക് തക്കതായ മറുപടിയും

പകർപ്പുകൾ ആവശ്യപ്പെട്ടിട്ടുള്ളതിന് ആയത് ഉദ്യോഗസ്ഥന്റെ ചെലവിൽ ലഭ്യമാക്കി നൽകണമെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 24.9.2022–ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരന്റെ 17.6.2022–ലെ അപേക്ഷയ്ക്ക് 13.7.2022–നു എസ്.പി.ഐ.ഒ. തേവക്കൽ മറുപടി നൽകിയിട്ടുള്ളതാണെന്നും പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും 48 മണിക്കൂറിനുള്ളിൽ വിവരങ്ങൾ ലഭ്യമാക്കി തരുക എന്ന അപേക്ഷകന്റെ ആവശ്യങ്ങൾക്ക് അടിയന്തിര പ്രാധാന്യമുള്ളതല്ല എന്നും അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റു രസീത് നൽകിയതിൽ 'DB/Complaints' എന്ന് രേഖപ്പെടുത്തി സ്വീകരിച്ചിട്ടുണ്ടെന്നും സാധാരണ സീനിയർ സൂപ്രണ്ടാണ് ഇത്തരം പരാതി സ്വീകരിക്കാറുള്ളതെന്നും എന്നാൽ ഈ അപേക്ഷ സ്വീകരിച്ചത് അസിസ്റ്റന്റ് എഞ്ചിനീയറാണെന്നും ആയതിനാൽ കംപ്ലൈന്റ് എന്ന് രേഖപ്പെടുകയായിരുന്നു എന്നും സാധാരണയായി ഔദ്യോഗിക ഭാഷ മലയാളമാണെങ്കിലും ആംഗലേയഭാഷയും ഉപയോഗിച്ച് വരുന്നുണ്ടെന്ന് പ്രത്യേകിച്ച് സാങ്കേതിക സ്ഥാപനങ്ങളിലെന്നും പരാതിക്കാരൻ 19.6.2022–ൽ അപ്പീൽ അധികാരിക്ക് പതിവിൽ നിന്നും വിപരീതമായി ഇ–മെയിൽ വഴി ഒരു അവധി ദിവസം രാത്രി 8.23–നു അപേക്ഷ അയച്ചിരുന്നതിനാൽ ശ്രദ്ധയിൽപ്പെടാതെ പോയി എന്നുമാണ്. പരാതിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ കൊടുക്കാനുള്ള നിർദ്ദേശങ്ങൾ എസ്.പി.ഐ.ഒ. ക്ക് നൽകാറുള്ളതാണെന്നും സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 3.9.2022–ലെ കത്ത് ലഭിച്ചതുപ്രകാരം ശ്രദ്ധിക്കാതെ പോയ അപേക്ഷയുടെ കാര്യത്തിൽ ഹിയറിംഗിന് അപേക്ഷകനെ ക്ഷണിച്ച് ഇ–മെയിൽ, വാട്സപ്പ് സന്ദേശങ്ങൾ അയച്ചിരുന്നു എന്നും ഹിയറിംഗ് 23.9.2022–നു നടത്താനാണ് തീരുമാനിച്ചതെന്നും എന്നാൽ അപേക്ഷകൻ ഹിയറിംഗിൽ പങ്കെടുക്കാൻ യാത്ര ചെയ്യുന്നത് ബുദ്ധിമുട്ടാണെന്ന് അറിയിച്ചതിനെ തുടർന്ന് ഹിയറിംഗ് ഓൺലൈൻ ആക്കുകയും മീറ്റിംഗിനായുള്ള ലിങ്ക് അപേക്ഷകന് അയച്ചു കൊടുക്കുകയും ചെയ്തു. ഹിയറിംഗിൽ പങ്കെടുക്കാൻ താത്പര്യമില്ല എന്ന കാര്യം പിന്നീട് അപേക്ഷകൻ ഫോൺ മുഖാന്തിരം അറിയിക്കുകയായിരുന്നു എന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിൽ നിന്നും 48 മണിക്കൂറിനുള്ളിൽ വിവരങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് പരാതിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചെങ്കിലും ടി സമയത്തിനുള്ളിൽ നൽകുന്നതിനാവശ്യമായ തെളിവുകളൊന്നും അപേക്ഷയോടൊപ്പം സമർപ്പിച്ചതായി കാണുന്നില്ല. എന്നാൽ വിവരാവകാശ നിയമം നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ 13.7.2022–ൽ എസ്.പി.ഐ.ഒ. പരാതിക്കാരന് മറുപടി നൽകിയതായി കമ്മീഷന് ബോധ്യമായിട്ടുണ്ട്. എന്നാൽ

അപേക്ഷ സമർപ്പിച്ച് രണ്ട് ദിവസത്തിനുള്ളിൽത്തന്നെ വിവരാവകാശ നിയമം 19(1) വകുപ്പു പ്രകാരം ഒന്നാം അപ്പീൽ സമർപ്പിരുന്നതിനാലാണ് ഒന്നാം അപ്പീൽ അധികാരി പരാതിക്കാരന്റെ അപ്പീൽ നിരസിച്ചതായി കാണുന്നു. എന്നാൽ അപ്പീൽ അധികാരി പിന്നീട് പരാതിക്കാരന്റെ അപ്പീൽ പരിഗണിച്ച് പരാതിക്കാരനെ നേരിൽ കാണാൻ ശ്രമിച്ചെങ്കിലും ടിയാൻ നിരസിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഒന്നാം അപ്പീൽ അധികാരി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഡിസംബർ മാസം 24-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION